**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **13-09-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട സ്വദേശി ശരത്ചന്ദ്ര ശ്രീകുമാറിന്റെ ദുരൂഹമരണം സംബന്ധിച്ചുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളവൂർക്കൽ സ്വദേശി അണപ്പാട് ജനാർദ്ദനം വീട്ടിൽ ശരത്ചന്ദ്ര ശ്രീകുമാറിന്റെ ദുരൂഹമരണം സംബന്ധിച്ചുള്ള അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ആരുടെ നേതൃത്വത്തിൽ ആണ് അന്വേഷണം നടക്കുന്നത്; പ്രസ്തുത മരണം ക്രൈംബ്രാഞ്ച് അന്വേഷിയ്ക്കണം എന്ന ആവശ്യം (ജി 3230302018) സംബന്ധിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. ശ്രീ.ശരത്ചന്ദ്ര ശ്രീകുമാറിനെ കാണാതായത് സംബന്ധിച്ച് മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 122/2023 U/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മലയിൻകീഴ് പോലീസ് അന്വേഷണം നടത്തിയിരുന്നു. എന്നാൽ കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽവെച്ച് ടിയാൻ മരണപ്പെട്ടുകയും ടി കാര്യത്തിന് അസ്വാഭാവിക മരണത്തിന് ക്രൈം നമ്പർ 114/2023 U/s 174 CrPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് കൊരട്ടി പോലീസ് അന്വേഷണം നടത്തിയിരുന്നു. നിലവിൽ ടി രണ്ട് കേസുകളും കൂട്ടി ചേർത്ത് കാട്ടാക്കട ഡി.വൈ.എസ്.പിയുടെ മേൽ നോട്ടത്തിൽ മലയിൻകീഴ് പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.<br><br>ശ്രീ.ശരത്ചന്ദ്ര ശ്രീകുമാറിന്റെ മരണം ക്രൈം ബ്രാഞ്ചിനെ കൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി രമ്യ. ഒ നൽകിയ പരാതിയിന്മേൽ (G 3230302018) സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ